**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1541** **10-10-2024 - ൽ മറുപടിയ്ക്ക്**

**പ്രകൃതി ദുരന്തത്തിൽ വീട് തകർന്ന നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതി ദുരന്തത്തിൽ വീട് തകർന്ന പയ്യന്നൂർ താലൂക്കിൽ വയ്യക്കര വില്ലേജിലെ ജോയ് വിളക്കുന്നേൽ സെബാസ്റ്റ്യൻ എന്നവർക്ക് നഷ്ടപരിഹാരം പ്രഖ്യാപിച്ചിരുന്നതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കാലാവർഷകെടുതിയിൽ വീടും സ്ഥലവും വാസയോഗ്യമല്ലാതായതിനാൽ പുതിയ വീടും സ്ഥലവും അനുവദിക്കണമെന്നാവശ്യപ്പെട്ട് പയ്യന്നൂർ താലൂക്ക് വയക്കര വില്ലേജിൽ ശ്രീ.ജോയ് സെബാസ്റ്റ്യൻ എന്നവർ സമർപ്പിച്ച അപേക്ഷയിൽ അന്വേഷണം നടത്തി ഭൂമി വാങ്ങുന്നതിനു 6 ലക്ഷം രൂപയും വാങ്ങുന്ന ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയും കൂടി ആകെ 10 ലക്ഷം രൂപയും അനുവദിക്കുന്നതിന് ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.<br><br>തുടർന്ന് പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി ടിയാന്റെ വീടിന്റെ അപകട സാധ്യത വിലയിരുത്തുന്നതിനുള്ള ചെക്ക് ലിസ്റ്റ് പ്രകാരമുള്ള വിവരങ്ങൾ ശേഖരിച്ച് വിലയിരുത്തൽ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റ്, ചെറുപുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ എന്നവർ സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ദുരന്ത നിവാരണ അതോറിറ്റിയുടെ MTO VII/1355/2023/Admin നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നു.<br><br>കൂടാതെ ശ്രീ.ജോയ് സെബാസ്റ്റ്യൻ എന്നവരുടെ വീടിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിനായി റീറ്റെയ്നിങ് വാൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സഹിതം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ചെറുപുഴ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഏത് വകുപ്പിന്റെ ഏത് ഓഫീസിലാണ് ഉള്ളതെന്നും അതിന്റെ ഫയൽ നമ്പറും അറിയിക്കാമോ; | (ബി) | കാലാവർഷകെടുതിയിൽ വീടും സ്ഥലവും വാസയോഗ്യമല്ലാതായതിനാൽ പുതിയ വീടും സ്ഥലവും അനുവദിക്കണമെന്നാവശ്യപ്പെട്ട് പയ്യന്നൂർ താലൂക്ക് വയക്കര വില്ലേജിൽ ശ്രീ.ജോയ് സെബാസ്റ്റ്യൻ എന്നവർ സമർപ്പിച്ച അപേക്ഷയിൽ അന്വേഷണം നടത്തി ഭൂമി വാങ്ങുന്നതിനു 6 ലക്ഷം രൂപയും വാങ്ങുന്ന ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയും കൂടി ആകെ 10 ലക്ഷം രൂപയും അനുവദിക്കുന്നതിന് ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.<br><br>തുടർന്ന് പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി ടിയാന്റെ വീടിന്റെ അപകട സാധ്യത വിലയിരുത്തുന്നതിനുള്ള ചെക്ക് ലിസ്റ്റ് പ്രകാരമുള്ള വിവരങ്ങൾ ശേഖരിച്ച വിലയിരുത്തൽ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റ്, ചെറുപുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ എന്നവർ സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ദുരന്ത നിവാരണ അതോറിറ്റിയുടെ MTO VII/1355/2023/Admin നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു.<br><br>കൂടാതെ ശ്രീ.ജോയ് സെബാസ്റ്റ്യൻ എന്നവരുടെ വീടിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിനായി റീറ്റെയ്നിങ് വാൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സഹിതം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ചെറുപുഴ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | നഷ്ടപരിഹാരം വേഗത്തിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | കാലാവർഷകെടുതിയിൽ വീടും സ്ഥലവും വാസയോഗ്യമല്ലാതായതിനാൽ പുതിയ വീടും സ്ഥലവും അനുവദിക്കണമെന്നാവശ്യപ്പെട്ട് പയ്യന്നൂർ താലൂക്ക് വയക്കര വില്ലേജിൽ ശ്രീ.ജോയ് സെബാസ്റ്റ്യൻ എന്നവർ സമർപ്പിച്ച അപേക്ഷയിൽ അന്വേഷണം നടത്തി ഭൂമി വാങ്ങുന്നതിനു 6 ലക്ഷം രൂപയും വാങ്ങുന്ന ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയും കൂടി ആകെ 10 ലക്ഷം രൂപയും |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിന് ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.<br><br>തുടർന്ന് പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി ടിയാന്റെ വീടിന്റെ അപകട സാധ്യത വിലയിരുത്തുന്നതിനുള്ള ചെക്ക് ലിസ്റ്റ് പ്രകാരമുള്ള വിവരങ്ങൾ ശേഖരിച്ച് വിലയിരുത്തൽ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റ്, ചെറുപുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ എന്നവർ സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ദുരന്ത നിവാരണ അതോറിറ്റിയുടെ MTO VII/1355/2023/Admin നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു.<br><br>കൂടാതെ ശ്രീ.ജോയ് സെബാസ്റ്റ്യൻ എന്നവരുടെ വീടിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിനായി റീറ്റെയ്നിങ് വാൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സഹിതം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ചെറുപുഴ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ